



## *കാറുകൾ വാങ്ങാൻ എന്ന വ്യാജേന എത്തി മോഷ്ടിച്ചു കൊണ്ടു പോകുന്ന സംഘത്തിലെ പ്രധാനി പിടിയിൽ.*

കാറുകൾ വാങ്ങാൻ എന്ന വ്യാജേന എത്തി മോഷ്ടിച്ചു കൊണ്ടു പോകുന്ന സംഘത്തിലെ പ്രധാനി പിടിയിൽ. ഷെഫീഖ് നിയാസ്, വ. 21, S\O ഇസ്മയിൽ തെരുവത്തു വീട്, മണ്ണൂർ, എന്ന ആളെയാണ് കർണ്ണാടക ഷിമോഗയിലെ ഒളിസങ്കേതത്തിൽ നിന്നും പിടികൂടി.

# കാർ മോഷ്ടിച്ച സംഘത്തലവൻ പിടിയിൽ

**ആലത്തൂർ ▸** വാങ്ങാനെന്ന വ്യാജേനയെത്തി കാർ മോഷ്ടിച്ചുകൊണ്ടുപോയ സംഘത്തിന്റെ തലവൻ പിടിയിൽ. മണ്ണൂർ തെരുവത്ത് ഷെഫീഖ് നിയാസാണ് (21) കർണ്ണാടക ഷിമോഗയിലെ ഒളിസങ്കേതത്തിൽനിന്ന് പിടിയിലായത്. ആലത്തൂർ വെങ്ങന്നിയൂർ സ്വദേശി സാദിഖലിയുടെ ആഡംബര കാർ വാങ്ങാനെന്ന വ്യാജേന എത്തി കഴിഞ്ഞ വർഷം ഓഗസ്റ്റിലാണ് മോഷ്ടിച്ചുകൊണ്ടുപോയത്. തുടർന്ന്, കുഴൽമന്ദം പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ ആലത്തൂർ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘം രൂപവത്കരിച്ച് അന്വേഷണം നടത്തിവരികയായിരുന്നു. മോഷണം പോയ കാർ കർണാടകയിൽനിന്ന് നേരത്തെ വീണ്ടെടുക്കുകയും കേസിലെ കൂട്ടുപ്രതികളായ കർണ്ണാടക ഹൊസൂർ ആനേക്കൽ സ്വദേശി തൗഫീഖ് ഖാൻ, ഒറ്റപ്പാലം മണ്ണൂർ സ്വദേശി നാസർ എന്നിവരെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. പ്രതികളിൽനിന്ന് ഒറ്റപ്പാലം ഭാഗത്തുനിന്ന് കളവുപോയ മറ്റൊരു കാറും പോലീസ് വീണ്ടെടുത്തിരുന്നു.

ഷെഫീഖ് നിയാസ്

ഷെഫീഖ് നിയാസിന്റെ പേരിൽ ഒറ്റപ്പാലം പോലീസ് സ്റ്റേഷനിൽ വാഹനമോഷണക്കേസും മങ്കര പോലീസ് സ്റ്റേഷനിൽ മാനഭംഗക്കേസും നിലവിലുണ്ടെന്ന് പോലീസ് പറഞ്ഞു. ആലത്തൂർ ഡിവൈ.എസ്.പി. കെ.എം. ദേവസ്യ, കുഴൽമന്ദം സി.ഐ. പി. അബ്ദുൽ മുനീർ, എസ്.ഐ. എ. അനൂപ്, എ.എസ്.ഐ. പ്രശാന്ത്, സീനിയർ സി.പി.ഒ. താജുദ്ദീൻ, പ്രത്യേക അന്വേഷണസംഘാംഗങ്ങളായ റഹിം മുത്തു, പി. സന്ദീപ്, സൂരജ് ബാബു, കെ. ദിലീപ് എന്നിവരാണ് കേസന്വേഷിച്ചത്.

ആലത്തൂർ വെങ്ങാന്നൂർ സ്വദേശി സാദിഖലിയുടെ ഇന്നോവ കാർ വാങ്ങുവാൻ എന്ന വ്യാജേന എത്തി ടിയാനെ കബളിപ്പിച്ചു കാർ 2018 ഓഗസ്റ്റ് മാസം മോഷ്ടിച്ചു കൊണ്ടുപോയതിനെ തുടർന്ന് കുഴൽമന്ദം പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ ആലത്തൂർ ഡി.വൈ.എസ്.പി. യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപികരിച്ച് അന്വേഷണം നടത്തി മോഷണം പോയ ഇന്നോവ കാർ കർണ്ണാടകയിൽ വച്ചു വീണ്ടെടുക്കുകയും കൂടാതെ ഈ കേസിലെ കൂട്ടു പ്രതികളായ കർണ്ണാടക ഹൊസൂർ ആനേക്കൽ സ്വദേശി തൗഫീഖ് ഖാൻ, ഒറ്റപ്പാലം മണ്ണൂർ സ്വദേശി നാസർ എന്നിവരെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു.

ആലത്തൂർ ഡി.വൈ.എസ്. കെ.എം. ദേവസ്യ യുടെ നിർദ്ദേശത്തെ തുടർന്ന് കുഴൽമന്ദം ഇൻസ്പെക്ടർ പി. അബ്ദുൽ മുനീർ, സബ് ഇൻസ്പെക്ടർ എ. അനൂപ്, ASI പ്രശാന്ത്, SCPO താജുദ്ധീൻ , പ്രത്യേക അന്വേഷണ സംഘത്തിൽ ഉൾപ്പെട്ട റഹിം മുത്തു, പി.സന്ദീപ്, സൂരജ് ബാബു .യു, ദിലീപ് .കെ. എന്നിവരാണ് കേസന്വേഷണം നടത്തി വന്നിരുന്നത്.

.........................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT